


# സമ്പൂർണ്ണകൃതികൾ: ഭാഗം X

കെ. ദാമോദരൻ



## 7. കോൺഗ്രസ്സ്-കമ്യൂണിസ്റ്റ് ഐക്യം കൂടിയേ കഴിയൂ

# സമ്പൂർണ്ണകൃതികൾ: ഭാഗം X

**കെ. ദാമോദരൻ**

(മലയാളം: രാഷ്ട്രീയം, ചരിത്രം)

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


7 കോൺഗ്രസ്സ്-കമ്യൂണിസ്റ്റ് ഐക്യം കൂടിയേ കഴിയൂ . . . . . . . . . . . . . . . . . . . . . . . . . 1

1 ലേഖനത്തിന്റെ ഉദ്ദേശ്യം . . . . . . . . 2

2 എന്താണു തെറ്റ് . . . . . . . . . . . . 3

3 വലതുപക്ഷ പിന്തിരിപ്പന്മാരും കോൺഗ്രസ്സും . . . . . . . . . . . . 4

4 മുന്നണിയുടെ ലക്ഷ്യം . . . . . . . . . . 5

5 മുന്നണിയിലെ പങ്കാളികൾ . . . . . . 6

6 തൊഴിലാളിവർഗ്ഗൈക്യം . . . . . . . 7

7 അകത്തും പുറത്തും . . . . . . . . . . 8

8 രണ്ടുതരം സമരങ്ങൾ . . . . . . . . . 9

# 7

# കോൺഗ്രസ്സ്-കമ്യൂണിസ്റ്റ് ഐക്യം കൂടിയേ കഴിയൂ

സാമ്രാജ്യവാദികൾക്കും അവരുമായി കൂട്ടുകെട്ടുകളുണ്ടാക്കുന്ന വൻകിട ബൂർഷ്വാനാടുവാഴികൾക്കുമെതിരായ എല്ലാ ജനവിഭാഗങ്ങളുമുൾക്കൊള്ളുന്ന വിപുലമായ ദേശീയജനാധിപത്യമുന്നണി പടുത്തുയർത്താൻവേണ്ടി കോൺഗ്രസ്സ്-കമ്യൂണിസ്റ്റ് ഐക്യം ഊട്ടിവളർത്തണമെന്ന മുദ്രാവാക്യത്തെ വിജയവാഡാ കോൺഗ്രസ്സ് തള്ളിക്കളഞ്ഞുവെന്നും കോൺഗ്രസ്സിന്റെ തീരുമാനങ്ങളെ വകവെയ്ക്കാതെ അതേ മുദ്രാവാക്യത്തെത്തന്നെ, ഉറക്കെ ചിന്തിക്കുക എന്ന പേരിൽ, ഞാനിപ്പോൾ വീണ്ടും ഉന്നയിക്കുന്നു എന്നുമാണ് സ: നായനാരുടെ മുഖ്യമായ ആക്ഷേപം (അന്യത്ര). ഇതു ശരിയല്ല. വിജയവാഡാകോൺഗ്രസ്സിന്റെ രാഷ്ട്രീയപ്രമേയം തയ്യാറാക്കാൻവേണ്ടി നാഷണൽകൗൺസിൽ തിരഞ്ഞെടുത്ത ആറംഗകമ്മീഷനിൽ ഞാനും ഒരംഗമായിരുന്നു. അജയഘോഷിന്റെ നേതൃത്വത്തിൽ തയ്യാറാക്കപ്പെട്ട ആ പ്രമേയത്തിന്റെ ആവിഷ്കരണത്തിൽ എന്റെ എളിയ സംഭാവനകൾ ഞാൻ നൽകിയിട്ടുണ്ട്. എന്റെ ചില ഭേദഗതികൾ അജയ് സ്വീകരിക്കുകയുണ്ടായി. കമ്മീഷനിലെ ചർച്ചയ്ക്കിടയിൽ അദ്ദേഹത്തോട് മൗലികമായി വിയോജിക്കേണ്ട യാതൊരു സന്ദർഭവും എനിക്കു നേരിട്ടില്ല. എന്നാൽ, കമ്മീഷനിലെ മറ്റൊരംഗമായ സഖാവ് ബി.ടി രണദിവേയ്ക്ക് മൗലികമായ വിയോജിപ്പുണ്ടായിരുന്നു. അതുകൊണ്ട് അദ്ദേഹവും സുന്ദരയ്യ, സുർജിത് തുടങ്ങിയ മറ്റ് ഇരുപത്തൊന്നുപേരും കൂടിച്ചേർന്നുകൊണ്ട് ഒരു പക്ഷാന്തര (alternate) പ്രമേയം കോൺഗ്രസ്സിലവതരിപ്പിച്ചു. മൂന്നാമതൊന്ന് ഇ.എം.എസ്സും അവതരിപ്പിച്ചു. പക്ഷേ, നീണ്ട ചർച്ചകൾക്കും വാദപ്രതിവാദങ്ങൾക്കും ശേഷം ഒടുവിലംഗീകരിക്കപ്പെട്ടത് അജയഘോഷിന്റെ പ്രമേയമാണ്. ചർച്ചകൾക്കിടയിൽ അദ്ദേഹം താനവതരിപ്പിച്ച പ്രമേയത്തിൽ ചില മാറ്റങ്ങൾ വരുത്താനും ചില ഭേദഗതികൾ സ്വീകരിക്കാനും സന്നദ്ധനായി എന്നതു ശരിതന്നെ. പക്ഷേ, കരടുപ്രമേയത്തിലെ നിഗമനങ്ങൾക്ക് മൗലികമായ മാറ്റങ്ങളൊന്നുമുണ്ടായില്ല. പാർട്ടി കോൺഗ്രസ്സിന്റെ പൂർണ്ണമായ അംഗീകരണം നേടിയ അദ്ദേഹത്തിന്റെ റിപ്പോർട്ടും പാസ്സാക്കപ്പെട്ട പ്രമേയവും തമ്മിലുള്ള സാദൃശ്യമോ അംഗീകരിക്കപ്പെടാത്ത മറ്റു രണ്ടു പ്രമേയങ്ങളും പാസ്സാക്കപ്പെട്ട രേഖകളും തമ്മിലുള്ള മൗലികമായ വ്യത്യാസങ്ങളോ പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാകുന്നതാണ്. അവതരിപ്പിക്കപ്പെട്ട ഔദ്യോഗികപ്രമേയത്തിലെ നിയമനങ്ങളെ മൗലികമായി മാറ്റാനുതകുന്ന യാതൊരു ഭേദഗതിയും ഞാനവതരിപ്പിച്ചിട്ടില്ല. എന്തെന്നാൽ, പാർട്ടികോൺഗ്രസ്സിനുമുമ്പ് നടന്ന കണ്ണൂർ സമ്മേളനത്തിൽ ഞാനും അച്യുതമേനോനും കൂടി അവതരിപ്പിച്ച രാഷ്ട്രീയ പ്രമേയത്തോട് അടിസ്ഥാനപരമായി യോജിക്കുന്ന ഒരു പ്രമേയമായിരുന്നു അത്. ഇത്രയും വസ്തുതകളിൽ നിന്നുതന്നെ വിജയവാഡാകോൺഗ്രസ്സിന്റെ നിഗമനങ്ങളെ മൗലികമായി തിരുത്താൻ വേണ്ടി ഉറക്കെ ചിന്തിക്കേണ്ട ആവശ്യം എനിക്കല്ല നേരിട്ടിട്ടുള്ളത് എന്നു വ്യക്തമല്ലേ?

# 1 ലേഖനത്തിന്റെ ഉദ്ദേശ്യം

'ദേശാഭിമാനി' വാർഷികപതിപ്പിൽ ഞാനെഴുതിയ ലേഖനം വിജയവാഡാകോൺഗ്രസ്സിന്റെ തീരുമാനങ്ങളെ വിശദീകരിക്കാൻവേണ്ടിയുള്ളതായിരുന്നില്ല. 1962 ഒക്ടോബർ 27 — ലെ 'പീപ്പിൾസ് ഡെയ്‌ലി' യിൽ പ്രസിദ്ധം ചെയ്യപ്പെട്ട 'നെഹ്റുവിന്റെ തത്വശാസ്ത്രത്തെപ്പറ്റി കുറേക്കൂടി' എന്ന ലേഖനത്തിലൂടെ ഇന്ത്യൻ സമ്പദ്ഘടനയുടെ മൗലികസ്വഭാവത്തെ വികൃതമാക്കി ചിത്രീകരിച്ചുകൊണ്ടു ചൈനയിലെ കമ്യൂണിസ്റ്റ് നേതാക്കന്മാർ പ്രചരിപ്പിച്ച സെക്റ്റേരിയൻ ആശയങ്ങൾ തികച്ചും തെറ്റാണെന്നും വിജയവാഡാകോൺഗ്രസ്സിലും അതിനുശേഷം കൂടിയ നാഷണൽ കൗൺസിൽ യോഗങ്ങളിലും വച്ച് ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടി സ്വീകരിച്ച ആശയങ്ങളുമായി അവ ഒട്ടുംതന്നെ പൊരുത്തപ്പെടുന്നില്ലെന്നും സർവ്വോപരി അവ മാർക്സിസത്തിനുതന്നെ എതിരാണെന്നും സ്ഥാപിക്കുക മാത്രമായിരുന്നു എന്റെ ഉദ്ദേശ്യം. ഞാനെഴുതി:

> "സ്വാതന്ത്ര്യത്തേയും പരമാധികാരത്തേയും ഉറപ്പിക്കുവാനും സാമ്പത്തികാഭിവൃദ്ധി കൈവരുത്തുവാനും സഹായിക്കുന്ന ചേരിചേരാനയം, വ്യവസായവത്കരണം, പൊതുമേഖല മുതലായ പരിപാടികൾക്കു പിന്തുണനൽകുന്ന കമ്യൂണിസ്റ്റുകാരെല്ലാം ബൂർഷ്വാഗവൺമെന്റിന്റെ ഏജന്റുകളായ റിവിഷണിസ്റ്റുകളാണെന്നു പുലയാട്ടു പറയുകയും അതേസമയത്തു തന്നെ മുതലാളിത്തേതരമാർഗത്തെപ്പറ്റിയും സോഷ്യലിസത്തെപ്പറ്റിയും നെടുനെടുങ്കൻ പ്രസംഗങ്ങൾ നടത്തുകയും ചെയ്യുന്നവരുടെ മാർക്സിസം എന്തു മാർക്സിസമാണ്?

ഞാനെഴുതിയതു ശരിയല്ലേ? ചേരിചേരാനയം, വ്യവസായവത്കരണം, പൊതുമേഖല തുടങ്ങിയ കോൺഗ്രസ് ഗവൺമെന്റിന്റെ പരിപാടികളെ പിന്താങ്ങണമെന്നല്ലേ, അതോ അവയെ എതിർക്കണമെന്നാണോ, വിജയവാഡാപ്രമേയം ആവശ്യപ്പെടുന്നത്?

## 2 എന്താണു തെറ്റ്

കോൺഗ്രസ്സ് ഗവൺമെന്റിന്റെ ഇത്തരം മൗലികനയ ങ്ങളെ എതിർക്കുന്നതു കമ്യൂണിസ്റ്റുകാരല്ല. വലതുപക്ഷ പിന്തിരിപ്പന്മാരാണ്. 'ഇന്ത്യയുടെ മൗലികനയങ്ങളുടെ നേർക്കുള്ള വലതുപക്ഷപിന്തിരിപ്പന്മാരുടെ ആക്രമണ മാണ് ഇന്നു നമ്മെ നേരിട്ടുകൊണ്ടിരിക്കുന്ന ഏറ്റവും വലിയ ഭീഷണി' എന്നും 'ഇതത്ര വലിയൊരാപത്തൊ ന്നുമല്ലെന്നും നിലവിലുള്ള കോൺഗ്രസ്സുഭരണമാണ് ജനങ്ങളുടെ ഏറ്റവും വലിയ ശത്രു എന്നും കരുതുന്നവർ വിഡ്ഢികളുടെ സ്വർഗ്ഗത്തിലാണ് ജീവിക്കുന്നത് എന്നും ഞാനെഴുതി. ഇതിലെന്താണ് തെറ്റ്?

വലതുപക്ഷപിന്തിരിപ്പന്മാരിൽ നിന്നുള്ള ഭീഷണിയുടെ നേർക്ക് വിരൽചൂണ്ടുകമാത്രമല്ല വിജയവാഡാപ്രമേയം ചെയ്യുന്നത്. ആ ഭീഷണിയെ തടയാനുള്ള മാർഗ്ഗങ്ങളെ പ്പറ്റിയും അതു പ്രതിപാദിക്കുന്നുണ്ട്. വായിക്കുക:

> "വലതുപക്ഷ പിന്തിരിപ്പന്മാരിൽനിന്നുള്ള അപകടത്തി നെതിരായി, ആ അപകടത്തിന്റെ ഗൗരവത്തെക്കുറിച്ച് പുരോഗമനചിന്താഗതിക്കാരായ കോൺഗ്രസ്സുനേതാ ക്കന്മാരുൾപ്പെടെയുള്ള കോൺഗ്രസ്സുകാർക്കു ബോധമു ണ്ടാക്കിക്കൊണ്ടും കോൺഗ്രസ് പ്രഖ്യാപനങ്ങളുടേയും പൊതുവേ അംഗീകരിക്കപ്പെടുന്ന ആശയങ്ങളുടേയുമടി സ്ഥാനത്തിൽ അവരുടെ ഭാഷയിൽത്തന്നെ അവരെ സമീപിച്ചുകൊണ്ടും നാം ദൃഢവും നിരന്തരവുമായ സമ രം നടത്തേണ്ടതുണ്ട്. വലതുപക്ഷപിന്തിരിപ്പന്മാരുടെ പ്രലോഭനപരമായ പൊള്ളമുദ്രാവാക്യങ്ങളെ-ഈ മു ദ്രാവാക്യങ്ങൾകൊണ്ടാണ് അവർ പൊതുജനസംതൃ പ്തിയെ ഉപയോഗപ്പെടുത്താൻ നോക്കുന്നത് — നാം തു റന്നു കാണിക്കേണ്ടതുണ്ട്. കടുത്ത പിന്തിരിപ്പൻപാർ ട്ടികളുടെ മുദ്രാവാക്യങ്ങൾക്കും അടവുകൾക്കെതിരാ യും നമ്മുടെ വിദേശനയത്തിന്റെയും സോഷ്യലിസ്റ്റ് രാ ഷ്ട്രങ്ങളുമായുള്ള നമ്മുടെ സഹകരണത്തിന്റെയും നേ രെ നടത്തുന്ന ആക്രമണങ്ങൾക്കെതിരായും സമാധാ നത്തേയും നമ്മുടെ ദേശീയതാൽപര്യങ്ങളേയും സംര ക്ഷിക്കാൻവേണ്ടിയും പൊതുമേഖലയുടെയും മറ്റും നേ രെ അവർ നടത്തുന്ന ആക്രമണങ്ങൾക്കെതിരായും നാം നമ്മുടെ സ്വാധീനത്തിലുള്ള ബഹുജനങ്ങളെ പ്ര വർത്തനത്തിലിറക്കാൻ പരിശ്രമിക്കണം; ഈ ആവ ശ്യത്തിനായി നാം കോൺഗ്രസ്സുകാരുടേയും കോൺ ഗ്രസ്സു സംഘടനകളുടേയും സഹകരണം തേടുകയും വേണം". (രാഷ്ട്രീയപ്രമേയം, മലയാളതർജ്ജമ പേജ് 42–43).

## 3 വലതുപക്ഷ പിന്തിരിപ്പന്മാരും കോൺഗ്രസ്സും

വലതുപക്ഷപിന്തിരിപ്പന്മാരുടെ ആക്രമണത്തെ ചെറുക്കേണ്ടതാവശ്യമാണെന്ന സമ്മതിക്കുകയും അതേസമയത്തുതന്നെ കോൺഗ്രസ്സുകാരുമായി ബന്ധങ്ങളൂട്ടി വളർത്തുന്നതു തെറ്റാണെന്ന വാദിക്കുകയും ചെയ്യുന്ന നിലപാടിനോട് വിജയവാഡാ കോൺഗ്രസ്സ് യോജിക്കുന്നില്ല. കോൺഗ്രസ്സ് ഗവൺമെന്റിന്റെ ജനവിരുദ്ധനയങ്ങളാണ് വലതുപക്ഷപിന്തിരിപ്പന്മാരുടെ വളർച്ചയെ സഹായിച്ചത് എന്നും വലതുപക്ഷപിന്തിരിപ്പന്മാർക്കും കോൺഗ്രസ്സ് ഗവൺമെന്റിന്റെ ജനവിരുദ്ധനയങ്ങൾക്കും എതിരായി ഒപ്പം സമരംനടത്തുന്നതിനുവേണ്ടി സ്വന്തം സംഘടനയോടുള്ള കൂറുകാരണം നിശ്ചലരായിത്തീർന്ന കോൺഗ്രസ്സുകാരെ കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ കൊണ്ടുവരണമെന്നും കോൺഗ്രസ്സനേതൃത്വത്തിന്റെ പ്രത്യയശാസ്ത്രപരമായ വായാടിത്തത്തെ ശക്തിയായി, തുറന്നുകാണിക്കുകയാണ് അതിനുള്ള മാർഗ്ഗമെന്നും മറ്റുമുള്ള വാദങ്ങളെ പാർട്ടികോൺഗ്രസ് തള്ളിക്കളഞ്ഞിരിക്കുന്നു. കോൺഗ്രസ് സംഘടനയോടു കൂറുള്ള കോൺഗ്രസ്സുകാരുമായും കോൺഗ്രസ്സ സംഘടനകളുമായും യോജിക്കണമെന്നാണ് പാർട്ടി സമ്മേളനം ആവശ്യപ്പെട്ടത്. പ്രമേയം പറയുന്നതിങ്ങനെയാണ്:

> “രാഷ്ട്രീയസ്വാതന്ത്ര്യത്തെ ഊട്ടിയുറപ്പിക്കാനും പാർലിമെന്ററി ജനാധിപത്യത്തേയും വിദേശനയത്തേയും പൊതുമേഖലയേയും കാർഷികപരിഷ്കരണങ്ങളേയും മറ്റും കാത്തുരക്ഷിക്കാനും വേണ്ടിയുള്ള സമരത്തിൽ പങ്കെടുക്കാനിടയുള്ള ബന്ധുശക്തികളെന്ന നിലയ്ക്കും നമ്മുടെ സുഹൃത്തുക്കളെന്ന നിലയ്ക്കും വേണം നാം കോൺഗ്രസ്സിനകത്തുള്ള ജനാധിപത്യവാദികളേയും സാധാരണ കോൺഗ്രസ്സുകാരേയും വീക്ഷിക്കാൻ. നമ്മുടേത് സൗഹാർദ്ദപരമായ ഒരു സമീപനമായിരിക്കണം. കോൺഗ്രസ്സ് പുരോഗമനപരമായ പ്രഖ്യാപനങ്ങൾ നടത്തുമ്പോൾ നാമവയെ ചുമ്മാ ‘തുറന്നുകാട്ടി’യാൽ പോരാ; ഐക്യം ഊട്ടിയുണ്ടാക്കുന്നതിനുവേണ്ടി അവയെ ഉപയോഗപ്പെടുത്തുകയാണ വേണ്ടത്”. (രാഷ്ട്രീയപ്രമേയം ഇംഗ്ലീഷപതിപ്പ് പേജ് 30)

കമ്യൂണിസ്റ്റ് പാർട്ടി ഒറ്റയ്ക്ക പരിശ്രമിച്ചാൽ വലതുപക്ഷപിന്തിരിപ്പന്മാരെ തോൽപിക്കാൻ കഴിയുമോ; തീർച്ചയായും കഴിയില്ല. കോൺഗ്രസ്സുകാരുമായുള്ള ഐക്യം ഊട്ടിവളർത്താതെ പ്രബലങ്ങളായ ആ കറുത്ത ശക്തികളെ ചെറുക്കുക സാധ്യമല്ലെന്ന് പാർട്ടികോൺഗ്രസ്സ് അംഗീകരിച്ച റിപ്പോർട്ടിൽ ഊന്നിപ്പറഞ്ഞിട്ടുണ്ട്. വായിച്ചുനോക്കൂ:

> “കോൺഗ്രസ്സുകാരുമായി ബന്ധങ്ങൾ ഊട്ടിവളർത്താതെയും അവരുടെ പിന്തുണ നേടാതെയും നമുക്ക് ഇന്ത്യയുടെ വിദേശനയത്തെ കാത്തുരക്ഷിക്കാൻ കഴിയുമോ? പൊതുമേഖലയെ സംരക്ഷിക്കാൻ കഴിയുമോ? പാർലിമെന്ററി വ്യവസ്ഥയെ കാത്തുരക്ഷിക്കാൻ സാധിക്കുമോ? അവരുമായി സഹകരിക്കാതെ നമുക്ക് സാമുദായികവാദത്തിനെതിരായി ഫലപ്രദമായി പോരാടാൻ കഴിയുമോ? കഴിയുകയില്ല എന്നു വ്യക്തമാണ്? (അജയഘോഷ് ലേഖനങ്ങളും പ്രസംഗങ്ങളും, ഇംഗ്ലീഷപതിപ്പ് പേ. 243-44).

## 4 മുന്നണിയുടെ ലക്ഷ്യം

അടിയന്തിരമായ ദേശീയജനാധിപത്യകടമകൾ പൂർത്തിയാക്കാനും അതിന്നത്യാവശ്യമായ ഒരു ദേശീയ ജനാധിപത്യമുന്നണി കെട്ടിപ്പടുക്കാനും വേണ്ടിയുള്ള സമരത്തിന്റെ അവിഭാജ്യഭാഗമെന്ന നിലയ്ക്കാണ് വലതുപക്ഷപിന്തിരിപ്പന്മാർക്കെതിരായ സമരത്തെ പാർട്ടികോൺഗ്രസ്സ് വീക്ഷിച്ചത്. “നമ്മുടെ വിദേശനയത്തെ സംരക്ഷിക്കുകയും ശക്തിപ്പെടുത്തുകയും സോഷ്യലിസ്റ്റ് രാജ്യങ്ങളുമായും ആഫ്രോ-ഏഷ്യൻ രാഷ്ട്രങ്ങളുമായും കൂടുതൽ ഉറ്റബന്ധങ്ങൾ സ്ഥാപിക്കുകയും ചെയ്തുകൊണ്ടും വിദേശമൂലധനത്തിന്റെ ഇനിയുള്ള നുഴഞ്ഞുകയറ്റത്തെ തടഞ്ഞുകൊണ്ടും ദേശസാൽക്കരണത്തിലൂടെ നമ്മുടെ സമ്പദ്വ്യവസ്ഥയിലെ മർമ്മപ്രധാനമായ തുറകളിൽ വിദേശമൂലധനത്തിനുള്ള പിടിയെ ക്രമേണ നീക്കം ചെയ്തുകൊണ്ടും പൊതുമേഖലയെ ത്വരിതമായി വിപുലീകരിച്ചുകൊണ്ടും നമ്മുടെ ദേശീയസ്വാതന്ത്ര്യത്തെ കൂടുതൽ സുദൃഢമാക്കുക, പൊതുമേഖലയ്ക്ക് സമ്പദ്വ്യവസ്ഥയിൽ ആധിപത്യം കരസ്ഥമാക്കാൻ ആവശ്യമായ സ്ഥാപനങ്ങളും ബാങ്കുകളും ദേശസാൽക്കരിക്കുക. സ്റ്റേറ്റ് മേഖലയെ ജനാധിപത്യനിയന്ത്രണത്തിൽ കൊണ്ടുവരികയും അഴിമതി, കാര്യക്ഷമതാക്കുറവ്, ദുർവ്യയം എന്നിവയ്ക്കെതിരായി പൊരുതുകയും, പൊതുമേഖലയിൽ കൂടുതൽ ഘനവ്യവസായങ്ങളും അടിസ്ഥാന വ്യവസായങ്ങളും ആരംഭിക്കുകയും ചെയ്യുക; കാർഷികോൽപാദനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി കർഷകജനതയ്ക്ക് യഥാർത്ഥത്തിൽ നന്മ ലഭിക്കുകയും കൃഷിക്കാരുടെ മേലുള്ള കനത്തഭാരം ലഘൂകരിക്കുകയും നിലത്തിൽ കൂടുതൽ മൂലധനനിക്ഷേപം സാധ്യമാക്കുകയും ചെയ്യുന്ന കാർഷികപരിഷ്കരണങ്ങൾ നടപ്പിലാക്കുക; പ്രധാനമായും ധനികരുടെമേൽ ഭാരം ചുമത്തുന്നതരത്തിലുള്ള നീതിപൂർവ്വകമായ ഒരു നികുതിഘടന നടപ്പിലാക്കുക; എല്ലാ തൊഴിലാളികൾക്കും മറ്റ ജീവനക്കാർക്കും മിനിമംകൂലിയും വിലസൂചികയുമായി ബന്ധപ്പെടുത്തുന്ന തരത്തിലുള്ള ക്ഷാമബത്ത നിരക്കുകളും നിർണ്ണയിക്കുക, ജനങ്ങളുടെ ജീവിതനിലവാരം അഭിവൃദ്ധിപ്പെടുത്തുക, മർദ്ദനനിയമങ്ങൾ റദ്ദുചെയ്യുക, പൗരാവകാശങ്ങൾക്കു പരിപൂർണ്ണമായ ഉറപ്പുണ്ടാക്കുക; ഉദ്യോഗസ്ഥമേധാവികളുടെ അധികാരങ്ങൾ പരിമിതപ്പെടുത്തുക; സ്റ്റേറ്റുകൾക്കും തിരഞ്ഞെടുക്കപ്പെട്ട പ്രാദേശിക സഭകൾക്കും കൂടുതൽ അധികാരങ്ങൾ നൽകുക, ജനാധിപത്യത്തെ വിപുലമാക്കുക” (പ്രമേയം മലയാള തർജ്ജമ പേജ് 41-42) ഇതൊക്കെയാണ് നമ്മുടെ ദേശീയജനാധിപത്യകടമകൾ.

ഈ ദേശീയജനാധിപത്യകടമകളുടെ നിർവ്വഹണത്തിൽ തൊഴിലാളിവർഗ്ഗത്തിനോ കമ്യൂണിസ്റ്റ് പാർട്ടിക്കോ മാത്രമല്ല താൽപര്യമുള്ളത്. തൊഴിലാളിവർഗ്ഗത്തിനെന്നപോലെ ദേശീയബൂർഷ്വാസിക്കും കമ്യൂണിസ്റ്റുകാർക്കെന്നപോലെ കോൺഗ്രസ്സുകാർക്കും ആവശ്യമായ പരിപാടികളാണിവ. എന്തെന്നാൽ ‘ഇവ ദേശീയജനാധിപത്യ കടമകളാണ്. ഇവ നമ്മുടെ ജനങ്ങൾ ബഹുഭൂരിപക്ഷത്തിന്റേയും താൽപ്പര്യങ്ങൾക്കനുസൃതമാണ്; അവയിൽ മിക്കതും ഒരുപിടി പിന്തിരിപ്പൻ കുത്തക മുതലാളികളൊഴികെയുള്ള ദേശീയ ബൂർഷ്വാസികളുടെ തന്നെ വസ്തുനിഷ്ഠമായ താൽപര്യങ്ങൾക്കനുയോജ്യമാണ്. ദേശീയപുനരുത്ഥാനം ആഗ്രഹിക്കുന്നവരുടെയെല്ലാം യോജിച്ച പ്രവർത്തനങ്ങളിലൂടെ നടപ്പിലാക്കാൻ കഴിയുന്നതാണ് ഇവ”. (ടി. പേജ് 42)

## 5 മുന്നണിയിലെ പങ്കാളികൾ

അപ്പോൾ ദേശീയജനാധിപത്യകടമകൾ പൂർത്തിയാക്കാൻ വേണ്ടി കെട്ടിപ്പടുക്കപ്പെടുന്ന ദേശീയജനാധിപത്യമുന്നണിയിൽ തൊഴിലാളികൾക്കും കൃഷിക്കാർക്കും മാത്രമല്ല സ്ഥാനമുള്ളത്. 'ജനാധിപത്യ മുന്നണിയിൽ ഉൾപ്പെടുന്ന വർഗ്ഗങ്ങൾ തൊഴിലാളിവർഗ്ഗവും കർഷകരും പെറ്റിബൂർഷ്വാസിയും ദേശീയബൂർഷ്വാസിയുമാണ്". (ടി. പേജ് 35).

ദേശീയജനാധിപത്യകടമകൾ പൂർത്തിയാക്കാൻവേണ്ടി തൊഴിലാളിവർഗ്ഗവും ദേശീയബൂർഷ്വാസിയും തമ്മിൽ ഐക്യമുന്നണി കെട്ടിപ്പടുക്കണമെന്ന പാർട്ടികോൺഗ്രസ്സിന്റെ ഈ നിഗമനത്തെ അംഗീകരിക്കുന്നവർക്ക് കമ്യൂണിസ്റ്റുകാരും കോൺഗ്രസ്സുകാരും തമ്മിലുള്ള ഐക്യം ഊട്ടിവളർത്തേണ്ടതിന്റെ ആവശ്യകതയെ നിഷേധിക്കാൻ കഴിയില്ല. രാഷ്ട്രീയസംഘടനയാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ്. അതുകൊണ്ടു കോൺഗ്രസ്സിനെ അവഗണിച്ചുകൊണ്ടു ഐക്യമുന്നണി കെട്ടിപ്പടുക്കുക സാധ്യമല്ല. രാഷ്ട്രീയപ്രമേയം ഉറപ്പിച്ചു പറയുന്നു:

> 'നമ്മുടെ നാടിന്റെ രാഷ്ട്രീയജീവിതത്തിൽ വളരെയേറെ പ്രധാനമായ ഘടകമാണ് കോൺഗ്രസ്സ്. ദേശീയസ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള സമരത്തെ നയിക്കുന്നതിലും നെഹ്റുവിന്റെ നേതൃത്വത്തിൽ ദേശീയസ്വാതന്ത്ര്യം ദൃഢീകരിക്കുന്നതിനുള്ള നടപടികളെടുക്കുന്നതിലും അതു വഹിച്ചിട്ടുള്ള പങ്കിന്റെ വെളിച്ചത്തിൽ നോക്കുമ്പോൾ ഇതിൽ അത്ഭുതപ്പെടാനില്ല. കോൺഗ്രസ്സിന്റെ സ്വാധീനശക്തി, സ്വാതന്ത്ര്യസമരകാലത്തേക്കാൾ കുറവാണെന്നിരിക്കിലും, വമ്പിച്ചതും വിപുലവുമാണ്. കർഷകർക്കിടയിലും കൈവേലക്കാർക്കിടയിലും ബുദ്ധിജീവികൾക്കിടയിലും മറ്റുമായി അതു വ്യാപിച്ചുകിടക്കുന്നു. നെഹ്റുവിന്റെ സ്വാധീനശക്തി ഇതിലും വിപുലമാണ്. ഇന്ത്യൻ പരിതഃസ്ഥിതിയുടെ ഈ വലിയ യാഥാർത്ഥ്യത്തെ അവഗണിച്ചുകൊണ്ട് നമുക്ക് ദേശീയജനാധിപത്യമുന്നണി പടുത്തുയർത്താനാവില്ല'. (ടി. പേ. 86).

തൊഴിലാളിവർഗ്ഗവും കർഷകരും തമ്മിലുള്ള സമരസഖ്യമായിരിക്കണം ദേശീയജനാധിപത്യമുന്നണിയുടെ അടിത്തറ എന്ന മാർക്സിസ്റ്റ് സിദ്ധാന്തം ഇന്ത്യയ്ക്കും ബാധകമാണ്. "ദേശീയ സ്വാതന്ത്ര്യം നേടുകയും അതു കാത്തുരക്ഷിക്കുകയും ചെയ്യുന്നതിലും ദൂരവ്യാപകങ്ങളായ ജനാധിപത്യപരിവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിലും സാമൂഹ്യപുരോഗതിക്കു ഉറപ്പുണ്ടാക്കുന്നതിലുമെല്ലാം തൊഴിലാളിവർഗ്ഗവും കർഷകരും തമ്മിലുള്ള സഖ്യമാണ് ഏറ്റവും മുഖ്യമായ ശക്തി. ഈ സഖ്യമായിരിക്കണം ഒരു വിപുലമായ ദേശീയ ജനാധിപത്യമുന്നണിയുടെ അടിത്തറ" എന്ന ലോകകമ്യൂണിസ്റ്റ് സമ്മേളനത്തിന്റെ നിഗമനം തികച്ചും ശരിയാണ് (മോസ്കോസമ്മേളന രേഖകൾ ഇംഗ്ലീഷ്പതിപ്പ് പേജ് 29). എന്നാൽ, ഈ അടിത്തറ കെട്ടിപ്പടുക്കുന്നതെങ്ങിനെയാണ്? തൊഴിലാളികർഷക ബഹുജനങ്ങളെ യോജിപ്പിച്ചണിനിരത്തുന്നതെങ്ങിനെയാണ്? വർഗ്ഗബോധമുള്ള തൊഴിലാളികൾപോലും ഇന്ന് വ്യത്യസ്തസംഘടനകളിലാണ്. അഖിലേന്ത്യാടിസ്ഥാനത്തിലുള്ള ഏറ്റവും മുഖ്യമായ രണ്ടു ട്രേഡ് യൂണിയൻ സംഘടനകളിൽ ഒന്നു കമ്യൂണിസ്റ്റുകാരുടേയും മറ്റേത് കോൺഗ്രസ്സുകാരുടേയും നേതൃത്വത്തിലാണ്. വിജയവാഡാ പ്രമേയത്തിൽ ചൂണ്ടിക്കാണിക്കുന്നതുപോലെ, "കോൺഗ്രസ്സിന്റെ അനുയായികളായ ബഹുജനങ്ങളും ജനാധിപത്യപ്രതിപക്ഷകക്ഷികളുടെ അനുയായികളായ ബഹുജനങ്ങളും തമ്മിലുള്ള വിടവാണ് ജനാധിപത്യച്ചേരിയിലെ ഏറ്റവും പ്രധാനപ്പെട്ട വിടവ്... ചില സ്റ്റേറ്റുകളിൽ — കേരളം, ആന്ധ്ര, പശ്ചിമബംഗാൾ — പ്രജാസോഷ്യലിസ്റ്റ് പാർട്ടിയുടെ സ്വാധീനം കുറഞ്ഞതോടുകൂടി ഏറ്റവും മുഖ്യമായ വിടവ് കോൺഗ്രസ്സിന്റെയും കമ്യൂണിസ്റ്റ് പാർട്ടിയുടെയും അനുയായികളായ ബഹുജനങ്ങൾ തമ്മിലുള്ള വിടവായിട്ടുണ്ട് (പ്രമേയം പേജ് 37).

## 6 തൊഴിലാളിവർഗ്ഗൈക്യം

ഈ വിടവു നികത്താനുള്ള ഏറ്റവും മുഖ്യമായ ഒരു കണ്ണി തൊഴിലാളിവർഗ്ഗൈക്യമാണ്. കോൺഗ്രസ്സവിരോധം ഉയർത്തിപ്പിടിച്ചുകൊണ്ട് ട്രേഡ് യൂണിയൻ ഐക്യം കെട്ടിപ്പടുക്കാനാവില്ല. വിപുലമായ ഒരു കർഷകസംഘടന കെട്ടിപ്പടുക്കുക കൂടുതൽ ദുഷ്കരമായിരിക്കും, എന്തെന്നാൽ ഇന്ത്യയിലെ കൃഷിക്കാരിൽ ഭൂരിപക്ഷവും ഇന്ന ദേശീയബൂർഷ്വാസിയുടെ അല്ലെങ്കിൽ കോൺഗ്രസ്സിന്റെ, സ്വാധീനത്തിലാണ്. ഈ ബഹുജനങ്ങളെയാണല്ലോ ദേശീയജനാധിപത്യമുന്നണിയിൽ അണിനിരത്തേണ്ടത്. അതുകൊണ്ടാണ് "സാമ്രാജ്യവാദികൾക്കും അവരുമായി കൂട്ടുകെട്ടുകളുണ്ടാക്കുന്ന വൻകിട ബൂർഷ്വാനാടുവാഴിവിഭാഗങ്ങൾക്കും എതിരായ എല്ലാ ജനവിഭാഗങ്ങളുമുൾക്കൊള്ളുന്ന അതിവിപുലമായ ഒരു ദേശീയജനാധിപത്യമുന്നണി കെട്ടിപ്പടുത്തുകൊണ്ടു മാത്രമേ ഇന്ത്യയുടെ മൗലികനിയമങ്ങളെ കാത്തുരക്ഷിക്കാൻ കഴിയൂ. കോൺഗ്രസ് കമ്യൂണിസ്റ്റ് ഐക്യമാണ് ഈ ദേശീയജനാധിപത്യമുന്നണിയുടെ കാതൽ" എന്ന് ഞാൻ ചൂണ്ടിക്കാണിച്ചത്.

കോൺഗ്രസ്സ് പാർട്ടിയിൽ പുരോഗമനവാദികൾ മാത്രമേയുള്ളൂ എന്നൊന്നും ഇപ്പറഞ്ഞതിനർത്ഥമില്ല. ഇന്ത്യയുടെ മൗലികനയങ്ങൾക്കുവേണ്ടി നിലകൊള്ളുന്നവർ മാത്രമല്ല കോൺഗ്രസ്സിലുള്ളത്. അവയ്ക്കെതിരായ വലതുപക്ഷപിന്തിരിപ്പന്മാരുമുണ്ട്. "വൻകിട ബൂർഷ്വാസിയേയും ഫ്യൂഡലിസത്തേയും പ്രതിനിധീകരിക്കുന്ന ചിലർ കോൺഗ്രസ്സിനുള്ളിലുണ്ടെന്നതു ശരിയാണ്" എന്ന് ദേശാഭിമാനി ലേഖനത്തിൽ ഞാൻതന്നെ ഊന്നിപ്പറഞ്ഞിട്ടുണ്ട്. സ: നായനാരുടെ ഉദ്ധരണിയും ശരിയാണ്.

"കോൺഗ്രസ്സുമായി — അതായത് ഇന്നുള്ള പോലത്തെ കോൺഗ്രസ്സസംഘടനയുമായി — പൊതുവിൽ ഐക്യമുന്നണി ഇന്ന് ഉണ്ടാക്കാമെന്ന ഇതിൽ നിന്നും സിദ്ധിക്കുന്നില്ല. നമ്മുടെ ബന്ധങ്ങൾ അനിവാര്യമായും ഐക്യത്തിന്റേതും സമരത്തിന്റേതുമായ ബന്ധങ്ങളായിരിക്കാം; കോൺഗ്രസ് മൊത്തത്തിൽ ദേശീയബൂർഷ്വാസിയുടെ — വലതുപക്ഷവിഭാഗം ഉൾപ്പെടെയുള്ള വക്താവാണ്. അതിനു പുറമേ, സ്വാതന്ത്ര്യലബ്ധിക്കുശേഷം, ദേശീയസമരത്തെ എതിർത്ത — ചില പിന്തിരിപ്പൻ ശക്തികളും — ഭൂപ്രഭുക്കളും മറ്റും — അതിൽ ചേർന്നിട്ടുണ്ട്. വൻകിട ബിസിനസ്സുമായുള്ള ബന്ധങ്ങൾമൂലം പഴയ നേതാക്കളിൽ പലരും ദുഷിച്ചുപോയിട്ടുണ്ട്. ഇവയെല്ലാംതന്നെ കോൺഗ്രസ്സിന്റെയും അതിന്റെ ഗവൺമെന്റുകളുടേയും പല പ്രവർത്തനങ്ങളിലും പ്രതിബിംബിക്കുന്നു. അതേസമയം കോൺഗ്രസ്സിനെ മറ്റു വലതുപക്ഷപാർട്ടികളോടു തുല്യമായികരുതുന്നതും വലിയൊരു തെറ്റായിരിക്കും. കോൺഗ്രസ്സിന്റെ പ്രഖ്യാപിതനയങ്ങളിൽ പലതും നടപടികളിൽ ചിലതും — വിദേശനയം, പൊതുമേഖല, മതേതരത്വം മുതലായവ ഇന്നത്തെ സാഹചര്യത്തിൽ പുരോഗമനപരങ്ങളാണ്. (പ്രമേയം പേജ് 37).

"ഇങ്ങിനെ കോൺഗ്രസ്സിനുള്ളിൽ വിവിധജനവിഭാഗങ്ങളുടെ വ്യത്യസ്തതാൽപര്യങ്ങൾ തമ്മിലുള്ള സംഘട്ടനങ്ങൾ നടക്കുന്നു. ചിലപ്പോഴവ ഇടതുപക്ഷവും, വലതുപക്ഷവും തമ്മിലുള്ള സമരങ്ങളുടെ രൂപം കൈക്കൊള്ളുന്നു. (ദേശാഭിമാനി വാർഷികപ്പതിപ്പ് പേജ് 11).

## 7 അകത്തും പുറത്തും

കോൺഗ്രസ്സിനു പുറത്തു മാത്രമല്ല അകത്തും വലതുപക്ഷപിന്തിരിപ്പന്മാരുണ്ട്. പക്ഷേ, കോൺഗ്രസ്സിനകത്തും പുറത്തുമുള്ള ആ പിന്തിരിപ്പന്മാരെ ചെറുത്തുകൊണ്ട് കെട്ടിപ്പടുക്കപ്പെടുന്ന ദേശീയജനാധിപത്യമുന്നണിയിൽ ഭാഗഭാക്കുകളാകേണ്ട മുഖ്യശക്തികളും കോൺഗ്രസ്സിനുള്ളിലാണ്. അവരുമായി ഐക്യം ഊട്ടിവളർത്താൻ മടിക്കുന്നവരുടെ ദേശീയജനാധിപത്യമുന്നണി ഉള്ളുപൊള്ളയായ ഒരു പദപ്രയോഗം മാത്രമായിരിക്കും. വിജയവാഡപ്രമേയം ഊന്നിപ്പറയുന്നതു ശ്രദ്ധിക്കുക:

> "വലതുപക്ഷശക്തികളിൽ വലിയൊരുഭാഗം കോൺഗ്രസ്സിനകത്താണ്. അതേസമയത്തുതന്നെ നമ്മുടെ സഖ്യശക്തികളാവേണ്ടവരിൽ ഭൂരിപക്ഷവും കോൺഗ്രസ്സിനകത്തുതന്നെയാണ്".

"പല കോൺഗ്രസ്സ നേതാക്കളും സമാധാനത്തിന്റെ ചേരിചേരാനയത്തിന്റേതുമായ വിദേശനയത്തെ ആത്മാർത്ഥമായി പിന്താങ്ങുന്നില്ലെന്നതു സത്യമാണ്. പക്ഷേ, അതിനെ പിന്താങ്ങുകയും അതിനെ സംരക്ഷിക്കണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്നവരിൽ ഭൂരിഭാഗവും പി.എസ്.പി.യ്ക്കകത്തോ മറ്റേതെങ്കിലും ഇടതുപക്ഷപാർട്ടിയ്ക്കകത്തോ അല്ല കാണപ്പെടുന്നത്. കോൺഗ്രസ്സിനകത്തോ നെഹ്റുവിന്റെ സ്വാധീനശക്തിയിൽപെട്ടവർക്കിടയിലോ ആണവരുള്ളതെന്നും അതുപോലെതന്നെ സത്യമാണ്. കോൺഗ്രസ്സിനകത്തുള്ളവരിൽ പലരും പൊതുമേഖലയെ എതിർക്കുന്നുണ്ട്. എന്നാൽ, അതുപോലെത്തന്നെ നേരായ വസ്തുത, പൊതുമേഖലയെ സംരക്ഷിക്കുകയും വികസിപ്പിക്കുകയും ചെയ്യണമെന്നാഗ്രഹിക്കുന്നവരിൽ ഏറ്റവുമധികംപേരും കോൺഗ്രസ്സിനുള്ളിലാണെന്നതാണ്. സമുദായവാദത്തെ സംബന്ധിച്ചിടത്തോളം, അത് കോൺഗ്രസ്സിനുള്ളിൽ ആഴത്തിൽ നുഴഞ്ഞുകയറിയിട്ടുണ്ടെന്നതിൽ സംശയത്തിനിടമില്ല. പക്ഷേ, ജബൽപ്പൂരിലെ സംഭവങ്ങളിൽ നെഹ്റു മാത്രമല്ല, മറ്റു പല കോൺഗ്രസ്സുകാരുമാണ് ഇടതുപക്ഷപാർട്ടികളുടെ പല നേതാക്കളേക്കാളും വളരെയധികം സങ്കടപ്പെട്ടത് എന്നതും ശ്രദ്ധേയമാണ്.

> "ഇന്ത്യയുടെ വിദേശനയത്തേയും പൊതുമേഖലയേയും പാർലിമെന്ററി വ്യവസ്ഥയേയും സംരക്ഷിക്കുന്നതിനുവേണ്ടി, സമുദായവാദത്തിനെതിരായി ഫലപ്രദമായ സമരം നടത്തുന്നതിനുവേണ്ടി, കോൺഗ്രസ്സുകാരുമായി നാം ബന്ധങ്ങൾ ഊട്ടിയുറപ്പിക്കേണ്ടതാവശ്യമാണ്". (പ്രമേയം പേജ് 38)

അവസാനമായി കോൺഗ്രസ്സുമായി ഐക്യമുണ്ടാക്കുന്നതുകൊണ്ടുമാത്രം ദേശീയജനാധിപത്യമുന്നണി കെട്ടിപ്പടുക്കാൻ കഴിയില്ല എന്നുകൂടി ഇവിടെ വ്യക്തമാക്കേണ്ടതുണ്ട്. "നമ്മുടെ ബന്ധങ്ങൾ അനിവാര്യമായും ഐക്യത്തിന്റേതും സമരത്തിന്റേതുമായ ബന്ധങ്ങളായിരിക്കും" (പ്രമേയം പേജ് 37). എന്തുകൊണ്ടെന്നാൽ, കോൺഗ്രസ്സിനു പുരോഗമനവശമുണ്ട്. ദേശീയബൂർഷ്വാസി വസ്തുനിഷ്ഠമായി സാമ്രാജ്യമേധാവിത്വത്തിനും ഫ്യൂഡലിസത്തിനും എതിരാണെന്നുള്ളതു ശരിതന്നെ. പക്ഷേ, അതേസമയത്തുതന്നെ ചിലപ്പോഴെല്ലാം ആ പിന്തിരിപ്പൻ വർഗ്ഗങ്ങളുമായി സന്ധിചെയ്യുകയും ചെയ്യുന്നു. അതുകൊണ്ട് മൗലികനയങ്ങൾ നടപ്പാക്കുന്ന കാര്യത്തിൽ ചാഞ്ചാട്ടങ്ങളും, വിട്ടുവീഴ്ചകളുമുണ്ടായിത്തീരുന്നു. മാത്രമല്ല, സാമ്രാജ്യത്വത്തിനും ഫ്യൂഡലിസത്തിനുമെതിരായി പോരാടുമ്പോൾതന്നെ ദേശീയ ബൂർഷ്വാസി സാമാന്യജനങ്ങൾക്കെതിരായ പല നടപടികൾ കൈക്കൊള്ളുന്നു. സ്വതന്ത്രസാമ്പത്തികവ്യവസ്ഥ കെട്ടിപ്പടുക്കുമ്പോൾതന്നെ അവർ തൊഴിലാളിവർഗ്ഗങ്ങളുടേയും മറ്റു മർദ്ദിത ജനവിഭാഗങ്ങളുടെയും മേൽ കൂടുതൽ ഭാരങ്ങളർപ്പിക്കാനും രാജ്യത്തിന്റെ സാമ്പത്തികജീവിതത്തിൽ സ്വന്തം നിലയുറപ്പിക്കാനും ശ്രമിക്കുന്നു. ഇതിനെപ്പറ്റി 'നവയുഗം' വാർഷികപ്പതിപ്പിൽ ഞാനെഴുതിയ ലേഖനത്തിൽ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. രാഷ്ട്രീയപ്രമേയത്തിന്റെ 8-ാം പേജിൽ നിന്നും 33-ാം പേജിൽനിന്നുമുള്ള നായനാരുടെ ഉദ്ധരണി ശരിയാണ്. പക്ഷേ, പഞ്ചവത്സരപദ്ധതികളുടെ കാര്യത്തിൽ മാത്രമല്ല ദൗർബല്യങ്ങളുള്ളത്. പൊതുമേഖലാരംഗത്തിൽപ്പോലും കുത്തകമുതലാളികൾക്കു നൽകപ്പെടുന്ന സൗജന്യങ്ങൾ, വിദേശമൂലധനത്തോടുള്ള വിട്ടുവീഴ്ചകൾ, തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണാനുള്ള കഴിവില്ലായ്മ, കൃഷിയിലെ അർദ്ധസ്തംഭനാവസ്ഥ, സമ്പത്തും ദാരിദ്ര്യവും തമ്മിലുള്ള അകൽച്ച. "വികസനത്തിന്റെ മുഖ്യമായ ഭാരം സാധാരണക്കാരന്റെ ചുമലിലർപ്പിക്കുകയും പ്രധാനമായ നേട്ടങ്ങൾ തട്ടിയെടുക്കാൻ ധനികന്മാർക്കു സൗകര്യം നൽകുകയും ചെയ്യുന്നതരത്തിലുള്ള" ധനസംഭരണസമ്പ്രദായങ്ങൾ, വിലവർദ്ധനവും നികുതിവർദ്ധനവും, വിദേശനയത്തിൽപ്പോലും ചിലപ്പോഴുണ്ടാകുന്ന ചാഞ്ചാട്ടങ്ങൾ — ഇതെല്ലാം ദേശീയ ബൂർഷ്വാനിലപാടുകളുടെ ദൗർബല്യങ്ങളാണ്. ബഹുഭൂരിപക്ഷം ജനങ്ങളുടെ താൽപര്യങ്ങൾക്കെതിരായ ഇത്തരം ചാഞ്ചാട്ടങ്ങളുടെയും ദൗർബല്യങ്ങളുടെയും തെറ്റായ നയങ്ങളെയും എതിർത്തുതോൽപ്പിക്കേണ്ടത് ഒഴിച്ചുകൂടാൻ വയ്യാത്ത ഒരു കടമയാണ്. തൊഴിലാളിവർഗ്ഗവും ദേശീയബൂർഷ്വാസിയും തമ്മിലുള്ള ഐക്യമുന്നണി വർഗ്ഗസമരങ്ങളുടെ നിഷേധമല്ല. കമ്യൂണിസ്റ്റുകാരും കോൺഗ്രസ്സുകാരും തമ്മിലുള്ള ഐക്യം ഊട്ടിവളർത്തണമെന്നു പറയുന്നതിന്റെ അർത്ഥം ഗവൺമെന്റിന്റെ ജനവിരുദ്ധനയങ്ങളെ എതിർക്കാതിരിക്കുക എന്നല്ല; ദേശീയ ബൂർഷ്വാഗവൺമെന്റിന്റെ വാലിൽ തൂങ്ങുക എന്നല്ല, മറിച്ച് ജനാധിപത്യപരിഷ്കാരങ്ങൾക്കുവേണ്ടിയുള്ള ഗവൺമെന്റിന്റെ നയത്തിൽ പുരോഗമനപരമായ എല്ലാറ്റിനേയും സംരക്ഷിക്കാനും ശക്തിപ്പെടുത്താനും വേണ്ടിയുള്ള ജനങ്ങളെ ദ്രോഹിക്കുകയും സാമ്പത്തികവികാസത്തിന്റെ വേഗതയെ പിന്നോക്കം വലിക്കുകയും ചെയ്യുന്ന അത്തരം ഗവൺമെന്റുനയങ്ങളെ എതിർക്കാൻ വേണ്ടിയുള്ള ആ നയങ്ങൾ മാറ്റുന്നതിനും ഇടതുപക്ഷത്തേയ്ക്കുള്ള ഒരു നീക്കം സാധിക്കുന്നതിനും വേണ്ടിയുള്ള ഐക്യമായിരിക്കും അത്. (പ്രമേയം പേജ് 35).

## 8 രണ്ടുതരം സമരങ്ങൾ

അപ്പോൾ, ദേശീയജനാധിപത്യമുന്നണി കെട്ടിപ്പടുക്കുമ്പോൾ രണ്ടുതരം സമരങ്ങൾ നടത്തേണ്ടിവരുന്നു. വലതുപക്ഷ പിന്തിരിപ്പന്മാർക്കെതിരായ സമരവും കോൺഗ്രസ്സിനും കോൺഗ്രസ്സ് ഗവൺമെന്റിനുമെതിരായ സമരവും. പക്ഷേ ഈ രണ്ടു സമരങ്ങളും ഒരുപോലെയുള്ളവയല്ല. ഒന്നാമത്തേത് ഇന്നത്തെ കാലഘട്ടത്തിലെ പ്രധാനശത്രുക്കൾക്കെതിരായ സമരമാണ്. രണ്ടാമത്തേതാകട്ടെ, ദേശീയജനാധിപത്യമുന്നണിയിൽ പങ്കെടുക്കുന്നവരോ പങ്കെടുക്കാനിടയുള്ളവരോ ആയ സുഹൃത്തുക്കളുടെയും സഖ്യശക്തികളുടെയും തെറ്റായ നയങ്ങൾ തിരുത്താൻ വേണ്ടിയുള്ള സമരമാണ്. അതുകൊണ്ട് കോൺഗ്രസ്സിന്റെയും ഗവൺമെന്റിന്റേയും നയങ്ങളെ എതിർക്കുകയും അതിനെതിരെ പോരാടുകയും ചെയ്യുമ്പോൾത്തന്നെ കഴിയുന്നിടത്തൊക്കെ വലതുപക്ഷത്തിൽപ്പെട്ടവരുടെ നേർക്ക് എതിർപ്പ് കേന്ദ്രീകരിക്കണം (പ്രമേയം പേജ് 40). എന്തെന്നാൽ നമ്മുടെ സമരത്തിന്റെ അടിത്തറ വിപുലമാക്കേണ്ടതിന്റെ ആവശ്യകതയുടെയും ഇനിയങ്ങോട്ടുള്ള കാലഘട്ടത്തിന്റെ വിപരീതസ്വഭാവത്തിന്റേയും വെളിച്ചത്തിൽ കോൺഗ്രസ്സിനകത്തുള്ള ജനാധിപത്യവാദികളും കോൺഗ്രസ്സിന്റെ സ്വാധീനതയിലുള്ള ബഹുജനങ്ങളുമായി ബന്ധങ്ങൾ ഊട്ടിയുറപ്പിക്കുന്നതിനുവേണ്ടി അങ്ങേയറ്റം പരിശ്രമിക്കുകയെന്നത് മുമ്പെന്നത്തേക്കാളും ആവശ്യമായിത്തീർന്നിരിക്കുന്നു. (പ്രമേയം പേജ് 29).

ഇന്നത്തെ അടിയന്തിരദേശീയകടമകൾ പൂർത്തിയാക്കാൻവേണ്ടിയുള്ള പ്രക്ഷോഭങ്ങളിലൂടെ മാത്രമേ കമ്യൂണിസ്റ്റ് പാർട്ടിക്കു സ്വയം ശക്തിപ്പെടാൻ കഴിയൂ. ദേശീയജനാധിപത്യകടമകൾ പൂർത്തിയാക്കാനുള്ള ഒഴിച്ചുകൂടാനാവാത്ത ഒരു ഉപാധിയാണ് വിപുലമായ ദേശീയജനാധിപത്യമുന്നണി. ദേശീയജനാധിപത്യമുന്നണി കെട്ടിപ്പടുക്കണമെങ്കിലോ, കോൺഗ്രസ്സ്-കമ്യൂണിസ്റ്റ് ഐക്യം കൂടിയേ കഴിയൂ. ഈ വസ്തുതയെ നിഷേധിക്കുന്നവർക്കു തങ്ങൾ വിജയവാഡാപ്രമേയത്തെ അനുകൂലിക്കുന്നവരാണെന്നു എങ്ങിനെ അവകാശപ്പെടാൻ കഴിയും?

നവയുഗം 3 — 8-1963.

## കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. ‘പാട്ടബാക്കി’ എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്റു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

## പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക് ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

### കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 10

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. ലെനിനും ഭരണകൂടത്തെപ്പറ്റിയുള്ള സിദ്ധാന്തവും
2. മാർക്സിസവും വർഗ്ഗസമരവും
3. മാർക്സിസവും മതവും
4. ചരിത്രപരമായ ഭൗതികവാദം
5. ലക്ഷ്യങ്ങളും മാർഗങ്ങളും
6. സോഷ്യലിസ്റ്റ് രാജ്യം അക്രമിയാവുമോ?
7. കോൺഗ്രസ്സ്-കമ്യൂണിസ്റ്റ് ഐക്യം കൂടിയേ കഴിയൂ
8. നാഷണൽ കൗൺസിലിന്റെ തീരുമാനങ്ങൾ
9. ഇന്ത്യയെപ്പറ്റിയുള്ള ചൈനയുടെ വിശകലനം
10. ഒരു ഇന്ത്യൻ കമ്യൂണിസ്റ്റിന്റെ ഓർമക്കുറിപ്പ്
11. ശ്രീശങ്കരൻ ഹെഗൽ മാർക്സ്
12. വർഗ്ഗീയത ഭൂതകാലത്തിന്റെ പൈതൃകം
13. ജോർജ്ജ് ലൂക്കാച്ച്
14. സ്വദേശാഭിമാനി രാമകൃഷ്ണപിള്ള
15. രാഹുൽജി
16. ശ്രീനാരായണഗുരു


### വെബ് പതിപ്പ് കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10


സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014